**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നമ്പർ : 5041**

**04.07.2012-ൽ മറുപടിക്ക്.**

## ഔദ്യോഗിക വാഹനങ്ങളുടെ ദുരുപയോഗം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ. എസ്. സലീഖ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| (എ) ഏത് പദവി വരെയുള്ള പോലീസ് ഉദ്യോഗസ്ഥർക്ക് സ്വകാര്യ ആവശ്യത്തിനായി പോലീസ് വാഹനം ഉപയോഗിക്കാം എന്ന് വ്യക്തമാക്കുമോ ; | : (എ) പോലീസ് വാഹനം സ്വകാര്യ ആവശ്യത്തിനായി ഉപയോഗിക്കാൻ നിലവിൽ വ്യവസ്ഥയില്ല. എന്നാൽ ഏതെങ്കിലും ഉദ്യോഗസ്ഥന് അടിയന്തിര സാഹചര്യങ്ങളിൽ ഔദ്യോഗിക വാഹനം സ്വകാര്യ ആവശ്യങ്ങൾക്ക് ഉപയോഗിക്കേണ്ടതായി വന്നാൽ സർക്കാർ കാലാകാലങ്ങളിൽ നിയമപ്രകാരം നിശ്ചയിച്ചിട്ടുള്ള തുക, ഉപയോഗിച്ച കിലോമീറ്റർ കണക്കാക്കി ട്രഷറിയിൽ ഒടുക്കി ടി വാഹനം സ്വകാര്യ ആവശ്യങ്ങൾക്ക് ഉപയോഗിക്കുവാൻ വ്യവസ്ഥയുണ്ട്. |
| (ബി) ഔദ്യോഗിക വാഹനം ഉപയോഗിച്ചാണ് സംസ്ഥാനത്തെ മിക്ക പോലീസ് ഉദ്യോഗസ്ഥരുടെയും വീടുകളിലേയ്ക്കാവശ്യമുള്ള സാധനങ്ങൾ വാങ്ങാൻ ഗൺമാൻമാർ പോകുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;<br><br>(സി) ചില പോലീസ് ഉദ്യോഗസ്ഥർ അവരുടെ കുടുംബാംഗങ്ങളുടെ ആവശ്യങ്ങൾക്കും ഔദ്യോഗിക വാഹനം ദുർവിനിയോഗം ചെയ്യുന്നുവെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടുവോ ;<br><br>(ഡി) ഇപ്രകാരം പോലീസ് വാഹനങ്ങൾ ദുർവിനിയോഗം ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ? | : (ബി), (സി) & (ഡി)<br><br>ഒറ്റപ്പെട്ട പരാതികൾ ലഭിക്കുമ്പോൾ നിയമാനുസൃതമുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ